**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2403** **04-03-2025 - ൽ മറുപടിയ്ക്ക്**

**ജി.ഡി.പി.യിലെ കേരളത്തിന്റെ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജി.എസ്.ഡി.പി കേന്ദ്ര ജി.ഡി.പി. -യിലേക്ക് 2017 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര ശതമാനം വീതമാണ് സംഭാവന ചെയ്തതെന്ന് വിശദമാക്കാമോ? | (എ) | ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യത്തെയാണ് ആ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉദ്പാദനം (GDP) എന്ന് വിവക്ഷിക്കുന്നത് 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായിരിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ വകുപ്പിന്റെ ജി.ഡി.പിയുടെയും സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിൽ നിന്ന് ലഭ്യമായ ജി.എസ്.ഡി.പിയുടെയും 2016-17 മുതൽ 2023-24 വരെയുള്ള കണക്കുകളും വളർച്ച നിരക്കും അനുബന്ധമായി ചേർക്കുന്നു.<br><br>2021-22 ലെ അന്തിമ കണക്കുകൾ പ്രകാരം Current price ൽ രാജ്യത്തിന്റെ GDP 18.85 ശതമാനം വളർച്ച കൈവരിച്ചപ്പോൾ സംസ്ഥാനത്തെ GSDP 19.75 ശതമാനം വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിലുണ്ടാകുന്ന വളർച്ച രാജ്യത്തിന്റെ ആകെ സമ്പത്ത് വ്യവസ്ഥയിലും ജനങ്ങളുടെ ജീവിത നിലവാരത്തിലും പ്രതിഫലിക്കുന്നുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തെ ത്വരിത കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ച (11.97 ശതമാനം) രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ചയേക്കാൾ (9.60 ശതമാനം) കൂടുതലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(Rs in crore)

| Financial Yer | GDP | GDP (Growth Rate) | GSDP | GSDP (Growth Rate) | GSDP of Kerala as % of GDP |
|---|---|---|---|---|---|
| 2016-17 | 15391669 | 11.76 | 634886 | 12.97 | 4.12 |
| 2017-18 | 17090042 | 11.03 | 701588 | 10.51 | 4.11 |
| 2018-19 | 18899668 | 10.59 | 788286 | 12.36 | 4.17 |
| 2019-20 | 20103593 | 6.37 | 812935 | 3.13 | 4.04 |
| 2020-21 | 19854096 | -1.24 | 771724 | -5.07 | 3.89 |
| 2021-22 | 23597399 | 18.85 | 924465 | 19.79 | 3.92 |
| 2022-23 | 26949646 | 14.21 | 1023602 | 10.72 | 3.80 |
| 2023-24 | 29535667 | 9.6 | 1146109 | 11.97 | 3.88 |

RaniS